# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 284** **22-07-2021 - ൽ മറുപടിയ്ക്ക്**

## മുറ്റത്തെ മുല്ല ലഘു വായ്പ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി വഴി എത്ര കോടി രൂപ വായ്പ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി വഴി 30/06/2021 വരെ 12,070,052,457/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ വ്യവസ്ഥകൾ ഏതെല്ലാം; വ്യക്തമാക്കാമോ; | (ബി) | കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന “ മുറ്റത്തെ മുല്ല” ഗ്രാമീണ ലഘു വായ്പാ പദ്ധതി പ്രകാരം 1000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/ വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ച കളാണ് (1 വർഷം) വായ്പ തിരിച്ചടക്കേണ്ടത്. അതായത് 1000/- രൂപ വായ്പ എടുത്ത ഒരാൾ 1 വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120/- രൂപ തിരിച്ചടക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്. വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പു വരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റും പ്രാഥമിക കാർഷിക വായ്പ സംഘവും വായ്പക്കാരനും തമ്മിൽ ഒരു ത്രികക്ഷി സമ്മത പത്രം ഒപ്പിടുന്നു. ടി സമ്മത പത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക സഹകരണ സംഘവും രണ്ടാം കക്ഷി കുടുംബശ്രീ അംഗവും മൂന്നാം കക്ഷി വായ്പക്കാരനുമാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്ന പക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽ നിന്നും വായ്പ തുക വസൂലാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശിക വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർ വർഷങ്ങളിൽ പുതുക്കി നൽകില്ല. |
| (സി) | ഈ പദ്ധതി വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ